# പതിനാലാം കേരള നിയമസഭ
## പതിമൂന്നാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 3227 10.12.2018-ൽ മറുപടിക്ക്**

**ഹയർസെക്കണ്ടറിയായി ഉയർത്തിയ ഹൈസ്കൂളുകൾ**

| ചോദ്യം | മറുപടി |
|---|---|
| **ശ്രീ.അനിൽ അക്കര** | **പ്രൊഫ. സി. രവീന്ദ്രനാഥ് (പൊതുവിദ്യാഭ്യാസ വകുപ്പ് മന്ത്രി)** |
| (എ) 2016-2017 അദ്ധ്യയന വർഷത്തിൽ എത്ര ഹൈസ്കൂളുകൾ ഹയർ സെക്കണ്ടറിയായി ഉയർത്തിയിട്ടുണ്ടെന്ന് വെളിപ്പെടുത്തുമോ; | (എ) 2016-2017 അദ്ധ്യയന വർഷത്തിൽ ഹൈസ്കൂളുകൾ ഒന്നും ഹയർ സെക്കണ്ടറിയായി ഉയർത്തിയിട്ടില്ല. |
| (ബി) പൊതുവിദ്യാഭ്യാസ വകുപ്പിന്റെ 31.07.2014 ലെ 143/2014 നമ്പർ സർക്കാർ ഉത്തരവിൽ നിഷ്കർഷിച്ചിരിക്കുന്ന വ്യവസ്ഥകൾ പ്രകാരമാണോ 2016-2017 ആദ്ധ്യയന വർഷം മലപ്പുറം ജില്ലയിലെ വളാഞ്ചേരി ഗേൾസ് ഹൈസ്കൂളിന് ഹയർ സെക്കണ്ടറി അനുവദിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ? | (ബി) 24.11.2014-ലെ സ.ഉ(കൈ) നം.247/2014/പൊവി നമ്പർ ഉത്തരവ് കൊണ്ട് പരിഷ്കരിച്ച 31.07.2014-ലെ സ.ഉ(കൈ) നം.143/2014/പൊവി ഉത്തരവ് പ്രകാരമാണ് വളാഞ്ചേരി ഗേൾസ് ഹൈസ്കൂളിൽ ഹയർ സെക്കന്ററി കോഴ്സ് അനുവദിച്ചിട്ടുള്ളത്. 2016-17 അധ്യയന വർഷം ടി സ്കൂളിൽ ഹയർ സെക്കന്ററി കോഴ്സ് അനുവദിച്ചിട്ടില്ല. 2014-ൽ മതിയായ അടിസ്ഥാന സൗകര്യങ്ങൾ ഇല്ലാതിരുന്നതിനാൽ പ്രവർത്തനം ആരംഭിക്കാതിരുന്ന ടി സ്കൂളിൽ അടിസ്ഥാന സൗകര്യങ്ങൾ ഏർപ്പെടുത്തിയതിന്റെ അടിസ്ഥാനത്തിൽ 2016-17 അധ്യയന വർഷം മുതൽ പ്രവർത്തനാനുമതി നൽകുക മാത്രമാണ് ചെയ്തിട്ടുള്ളത്. |

**സെക്ഷൻ ഓഫീസർ.**